# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2325 – 23.01.2014-ലെ മറുപടിക്ക്**

## സംസ്ഥാന സർക്കാർ മുഖേന കേന്ദ്രസർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന സർക്കാർ മുഖേന കേന്ദ്ര സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികൾ സംസ്ഥാനത്ത് എന്തെല്ലാം വകുപ്പുകൾ വഴിയാണ് നടപ്പിലാക്കുന്നത് എന്ന് വ്യക്തമാക്കാമോ; | കൃഷി, മൃഗസംരക്ഷണം, സഹകരണം, പരിസ്ഥിതി, മത്സ്യബന്ധനം, ഭക്ഷ്യവും പൊതു വിതരണവും, വനം, പൊതുഭരണം, പൊതു വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, ആരോഗ്യം, ഭവനം, വ്യവസായം, തൊഴിൽ, തദ്ദേശ സ്വയം ഭരണം, ആസൂത്രണം, പൊതുമരാമത്ത്, റവന്യു, പട്ടികജാതി/ പട്ടിക വർഗ്ഗം, സാമൂഹ്യ നീതി, നികുതി, ജലവിഭവം, വൈദ്യുതി എന്നീ വകുപ്പുകൾ വഴിയാണ് കേന്ദ്ര സർക്കാർ പദ്ധതികൾ നടപ്പിലാക്കുന്നത്. |
| (ബി) 2012 -13 സാമ്പത്തിക വർഷത്തിൽ ഓരോ പദ്ധതിയ്ക്കായി ഓരോ വകുപ്പിന് എന്ത് തുക കേന്ദ്രം അനുവദിച്ചു; വകുപ്പ് അടിസ്ഥാനത്തിൽ തുകയുടെ വിശദാംശം ലഭ്യമാക്കുമോ ; | 2012-13 സാമ്പത്തിക വർഷത്തിൽ കേന്ദ്രം വകുപ്പുകൾക്ക് അനുവദിച്ച തുകയും, ചെലവായ തുകയും അനുബന്ധം I-ൽ ചേർക്കുന്നു. 13-ാം ധനകാര്യ കമ്മീഷൻ അവാർഡിന് കീഴിൽ വകുപ്പുകൾക്ക് ലഭിച്ച തുക അനുബന്ധം II-ൽ ചേർക്കുന്നു |
| (സി) ഓരോ വകുപ്പുകൾക്കും അനുവദിച്ച തുകയും അത് ഏതെല്ലാം പ്രവൃത്തി കൾക്കായി ചെലവഴിച്ചുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ ; | |

| | |
|---|---|
| (ഡി) ഓരോ വകുപ്പിലും ചിലവഴിക്കാത്ത തുക സംബന്ധിച്ച വിശദാംശം, ചിലവഴിക്കാത്തതിന് കാരണം സഹിതം വ്യക്തമാക്കാമോ; | 2012-13 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കും മറ്റ് കേന്ദ്ര പദ്ധതികൾക്കും വിവിധ വകുപ്പുകൾക്കായി വകയിരുത്തിയിരുന്ന തുകയും ചെലവഴിച്ച തുകയുടേയും വകുപ്പുതല താത്കാലിക കണക്കിന്റെ വിശദാംശം അനുബന്ധം III-ൽ ചേർക്കുന്നു |
| (ഇ) കേന്ദ്രത്തിൽനിന്നും ധനസഹായം ലഭിക്കുകയും അത് നടപ്പിലാക്കുന്നതിനായി നടപടി സ്വീകരിക്കാതെ തുക ലാപ്സായ സംഭവം 2012-13-ൽ ഉണ്ടായി ട്ടുണ്ടോ; ഇനം തിരിച്ച് ഏതെല്ലാം കാര്യങ്ങൾക്കാണ് കേന്ദ്രം തുക അനുവദിച്ചത് എന്നും, തുക ചിലവഴിക്കാത്തതിന്റെ കാരണവും വ്യക്തമാക്കാമോ ? | കേന്ദ്രാവിഷ്കൃത പദ്ധതികളെ സംബന്ധിച്ച് കേന്ദ്രം നൽകുന്ന തുക അതാത് വർഷം വിനിയോഗിക്കുകയാണ് ചെയ്യുന്നത്. കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന തുക അതാത് വർഷം ചെലവഴിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ, കേന്ദ്ര സർക്കാരിന്റെ അനുമതിയോടുകൂടി അടുത്ത വർഷം ഉപയോഗിക്കുവാൻ വ്യവസ്ഥയുണ്ട്. ആയതിനാൽ തുക ലാപ്സായതായി കണക്കാക്കുവാനാകില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**